B2/65/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - പുരാരേഖാ വകുപ്പ് - ആർക്കൈവ്സ് പർച്ചേസ് കമ്മിറ്റി പുനഃസംഘടിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.210/2025/CLAD തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:- 1. 22.10.2002 തീയതിയിലെ സ.ഉ.(എം.എസ്)നം. 37/2002/സാം.കാ.വ നമ്പർ ഉത്തരവ്.

2. 04.07.2019 തീയതിയിലെ സ.ഉ.(സാധാ)നം. 287/2019/സാം.കാ.വ നമ്പർ സർക്കാർ ഉത്തരവ്.

3. ബഹു. പുരാവസ്തു പുരാരേഖ മ്യൂസിയം വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 25/02/2025 തീയതിയിലെ 434/2025 നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാന പുരാരേഖ വകുപ്പിൽ സ്വകാര്യ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പക്കലുള്ള അമൂല്യപുരാരേഖകൾ പ്രതിഫലം നൽകി ഏറ്റെടുക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം ഒരു ആർക്കൈവ്സ് പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയും പരാമർശം (2) പ്രകാരം കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും ചെയതിരുന്നു. പ്രസ്തുത ആർക്കൈവ്സ് പർച്ചേസ് കമ്മിറ്റി താഴെപറയുന്നവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1. | അഡീഷണൽ ചീഫ് സെക്രട്ടറി, പുരാവസ്തു പുരാരേഖാ മ്യൂസിയം വകുപ്പ് | ചെയർമാൻ |
| 2 | ഡയറക്ടർ, പുരാരേഖ വകുപ്പ് | കൺവീനർ |
| 3 | ഡയറക്ടർ, പുരാവസ്തു വകുപ്പ് | മെമ്പർ |
| 4 | ഡയറക്ടർ, മാനുസ്ക്രിപ്റ്റ് ലൈബ്രറി തിരുവനന്തപുരം | മെമ്പർ |
| 5 | ഡോ.എം. രാഘവ വാര്യർ<br>മണലിൽ, തൃക്കോവിൽ വാരിയം,<br>ചേലിയ പോസ്റ്റ്, കൊയിലാണ്ടി, | മെമ്പർ |

| | | |
|---|---|---|
| | പിൻ 673305. | |
| 6 | ശ്രീ. മുസ്തഫ മൈലപ്രം<br>റിട്ട. ഹയർസെക്കൻഡറി പ്രിൻസിപ്പൽ<br>ചേലൂർ ഹൗസ്<br>പെരിന്തട്ടിരി പി.ഒ<br>മക്കരപ്പറമ്പ്<br>മലപ്പുറം. | മെമ്പർ |

1. കേരളത്തിന്റെ സമ്പന്നമായ ചരിത്രരേഖകൾ കമ്മിറ്റി പരിശോധിച്ച് അർഹമായി പ്രതിഫലം നൽകി ഏറ്റെടുക്കുന്നതായിരിക്കും.
2. ഒന്നാം ക്ലാസ്സ് കമ്മിറ്റിയായി രൂപീകരിച്ചിട്ടുള്ള പ്രസ്തുത കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം II ചട്ടം III (ii) അനുസരിച്ച്, ഒന്നാം ഗ്രേഡ് ഉദ്യോഗസ്ഥർക്ക് അനുവദനീയമായ യാത്രാപ്പടിക്കും ദിനബത്തക്കും അർഹതയുണ്ടായിരിക്കും. കൂടാതെ കമ്മിറ്റിയിലെ യാത്രാപ്പടി ആവശ്യമായി വരുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ പാർട്ട് II ലെ ചട്ടങ്ങൾ പ്രകാരം യാത്രാബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.
3. പ്രസ്തുത കമ്മിറ്റിയുടെ കാലാവധി 3 വർഷമായിരിക്കും.
4. ഒരു വർഷം ഒരാളിൽ നിന്നും ഏറ്റെടുക്കുന്ന പുരാരേഖക്ക് പരമാവധി 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയും ടെസ്റ്റ് / സ്റ്റാറ്റ്യൂട്ടറി ബോഡികളിൽ നിന്നും ഏറ്റെടുക്കുന്ന പുരാരേഖക്ക് പരമാവധി 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപയും അതാത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് വിധേയമായി തുക നൽകാൻ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. മറ്റു കേസുകളിൽ സർക്കാരിന്റെ അനുമതി തേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പുരാരേഖ വകുപ്പ്.
എല്ലാ അംഗങ്ങൾക്കും (പുരാരേഖാ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I & PRD.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 04-04-2025 16:44:25

സെക്ഷൻ ഓഫീസർ